# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ. *165

17.06.2013-ൽ മറുപടിയ്ക്ക്

### പട്ടികജാതി - പട്ടികഗോത്ര വർഗ്ഗങ്ങൾക്കെതിരെയുള്ള അതിക്രമം തടയുന്നതിന് മൊബൈൽ സ്ക്വാഡുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വർക്കല കഹാർ<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. ജോസഫ് വാഴക്കൻ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ബഹു. ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) പട്ടികജാതി - പട്ടിക ഗോത്രവർഗ്ഗങ്ങളിൽപ്പെട്ടവർക്ക് എതിരെയുള്ള അതിക്രമങ്ങൾ കൈകാര്യം ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (എ) പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് പോലീസ് വകുപ്പ് കാര്യക്ഷമമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. പോലീസ് ആസ്ഥാനത്ത് ഐ.ജി.പി പി.സി.ആർ-ന്റെ കീഴിൽ ഒരു എസ്.പി.യുടെ ചുമതലയിൽ പട്ടികജാതി പട്ടികവർഗ്ഗക്കാർക്കെതിരെ ഉണ്ടാകുന്ന അതിക്രമങ്ങളുമായി ബന്ധപ്പെട്ട് ലഭിക്കുന്ന പരാതികൾ, ടി വിഷയത്തിൽ രേഖപ്പെടുത്തുന്ന കേസുകളുടെ അന്വേഷണ പുരോഗതി എന്നിവ വിശകലനം ചെയ്യുന്നതിന് ഒരു സ്പെഷ്യൽ സെൽ പ്രവർത്തിച്ചു വരുന്നു. ജില്ലാതലത്തിൽ അതാത് ഡി.സി.ആർ.ബി ഡി.വൈ.എസ്.പി.മാരെ നോഡൽ ഓഫീസർമാരായി പട്ടികജാതി പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള കേസുകളുടെ സൂക്ഷ്മ പരിശോധനയും അന്വേഷണ പുരോഗതിയുടെ അവലോകനവും മറ്റും നടത്തി വരുന്നു. ഇത്തരം കേസുകളുടെ നിരീക്ഷണത്തിനും, അന്വേഷണത്തിനുമായി ഡി.വൈ.എസ്.പി.,മാരുടെ നേതൃത്വത്തിൽ സ്പെഷ്യൽ |

മൊബൈൽ സ്ക്വാഡുകൾ പ്രവർത്തിക്കുന്നുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗ അംഗങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ട് സർക്കിൾ - ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുള്ളതും അവയുടെ യോഗങ്ങൾ മൂന്ന് മാസത്തിലൊരിക്കൽ കൂടുകയും നിലവിലുള്ള ക്രമസമാധാന പ്രശ്നങ്ങളും, കേസുകളുടെ അവസ്ഥയും വിലയിരുത്തി നടപടികൾ സ്വീകരിക്കാറുമുണ്ട്. കൂടാതെ പോലീസ് സ്റ്റേഷൻ തലം മുതൽ സംസ്ഥാന തലം വരെ നടത്തപ്പെടുന്ന ക്രൈം റിവ്യൂ മീറ്റിംഗുകളിൽ പ്രസ്തുത കാര്യങ്ങൾ പ്രത്യേകമായി അവലോകനം നടത്താറുണ്ട്. സംസ്ഥാന തല അവലോകനത്തിൽ സംസ്ഥാന പോലീസ് മേധാവി ഇത്തരം അതിക്രമങ്ങൾക്കെതിരെ സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകാറുണ്ട്. കൂടാതെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിൽ അദാലത്തുകളും, സെമിനാറുകളും, അതിക്രമങ്ങൾക്കെതിരെയുള്ള ബോധവൽക്കരണ ക്ലാസ്സുകളും ജനമൈത്രി പോലീസിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കാറുണ്ട്. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ റിപ്പോർട്ടായാൽ ഉടൻ തന്നെ അതിന്മേൽ എസ്.സി.എസ്.ടി.(പി.ഒ.എ) ആക്ട് 1989-ലെ വകുപ്പുകൾ പ്രകാരവും ഇന്ത്യൻ ശിക്ഷാ നിയമത്തിലെ ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരവും കേസുകൾ രജിസ്റ്റർ ചെയ്ത് ഡി.വൈ.എസ്.പി. റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥൻ അന്വേഷണം നടത്തി സമയബന്ധിതമായി റിപ്പോർട്ട് കോടതിയിൽ സമർപ്പിക്കാറുണ്ട്.

| | | | |
|---|---|---|---|
| (ബി) | ഇതിനായി സ്പെഷ്യൽ മൊബൈൽ സ്ക്വാഡുകൾ രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) & (സി) | ഇപ്പോൾ നിലവിലുള്ള പാലക്കാട്, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിലുള്ള എസ്.എം.എസ്. യൂണിറ്റുകൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പ്ലാൻ ഫണ്ടിൽ 50 ലക്ഷം രൂപ വകവരുത്തിയിട്ടുണ്ട്. പ്രസ്തുത തുക ഉപയോഗപ്പെടുത്തി എസ്.എം.എസ്. യൂണിറ്റുകൾക്ക് പുതിയ വാഹനങ്ങൾ, കമ്പ്യൂട്ടറുകൾ, ഫോട്ടോകോപ്പിയർ എന്നിവ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ തിരുവനന്തപുരം റൂറൽ, കോഴിക്കോട് റൂറൽ, ഇടുക്കി, കൊല്ലം റൂറൽ, പത്തനംതിട്ട, മലപ്പുറം എന്നീ ജില്ലകളിൽ പുതുതായി എസ്.എം.എസ്. യൂണിറ്റുകൾ സ്ഥാപിക്കുന്നതിനു വേണ്ടിയുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചു വരികയാണ്. |
| (സി) | ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ? | | |

**സെക്ഷൻ ഓഫീസർ**